പ്രവർത്തിക്കുന്നുണ്ട്. ഗുരുതരമായ വിളർച്ച രോഗമുള്ള കുട്ടികളെ പരിചരിക്കുന്നതിന് 3 ന്യൂട്രിഷൻ റീഹാബിലിറ്റേഷൻ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഫുഡ് സപ്പോർട്ട് പ്രോഗ്രാം സാമൂഹ്യനീതി വകുപ്പിന്റെ 101 സജീവ സാമൂഹ്യ അടുക്കളകൾ, അമൃതം ന്യൂട്രിമിക്സ് വിതരണം, കൗമാരക്കാരായ പെൺകുട്ടികൾക്ക് പോഷകാഹാര പദ്ധതിയായ ശബല കിറ്റ് വിതരണം, വിവാഹിതരായ സ്ത്രീകൾക്കും ഗർഭിണികൾക്കും ഫോളിക് ആസിഡ്, അയൺ ഗുളിക എന്നിവ നൽകുന്ന പദ്ധതി തുടങ്ങിയവയും പോഷകാഹാര കുറവ് പരിഹരിക്കുന്നതിനായി അട്ടപ്പാടി മേഖലയിൽ വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കിവരുന്നുണ്ട്.

(സി) ഇല്ല. വിവിധ വകുപ്പുകൾ നടപ്പാക്കുന്ന പദ്ധതികൾ ഏകോപിപ്പിക്കുന്നതിന് ഒറ്റപ്പാലം സബ്കളക്ടറെ നോഡൽ ഓഫീസറായി നിയമിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്.

(ഡി) ബാധകമല്ല.

പരിയാരം മെഡിക്കൽ കോളേജിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ ചികിത്സ

338 (678) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കായികബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരിയാരം മെഡിക്കൽ കോളേജിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട രോഗികൾക്ക് വിദഗ്ധ ചികിത്സ ലഭ്യമാക്കുന്നതിന് എന്തൊക്കെ മാർഗ്ഗനിർദ്ദേശങ്ങളാണ് നിലവിലുള്ളത്; പകർപ്പ് ലഭ്യമാക്കാമോ ;

(ബി) അടിയന്തര ചികിത്സവേണ്ട രോഗികൾ ഈ മാർഗ്ഗനിർദ്ദേശങ്ങൾ കാരണം ബുദ്ധിമുട്ടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; പാവപ്പെട്ട രോഗികൾക്ക് ബുദ്ധിമുട്ടില്ലാതെ തുടർന്നും വിദഗ്ധ ചികിത്സ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ ;

(സി) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട രോഗികൾക്ക് സൗജന്യ ചികിത്സ ലഭ്യമാക്കിയതിലൂടെ പരിയാരം മെഡിക്കൽ കോളേജിന് എത്ര തുക ലഭിക്കാനുണ്ട്; കുടിശ്ശിക ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly.

ഉത്തരം

(എ) സമഗ്ര ആരോഗ്യ സുരക്ഷാപദ്ധതി കേരളത്തിലെ സർക്കാർ മെഡിക്കൽ കോളേജുകൾ, സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന പരിയാരം, മലബാർ കാൻസർ സെന്റർ, തിരുവനന്തപുരം ആർ.സി.സി., ശ്രീചിത്രാ മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് എന്നി സ്ഥാപനങ്ങളിലാണ് നടപ്പാക്കിവരുന്നത് മാർഗ്ഗ നിർദ്ദേശത്തിന്റെ പകർപ്പ് ഇതോടൊപ്പം സമർപ്പിക്കുന്നു.*

(ബി) ഇല്ല. നിലവിലുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ സംബന്ധിച്ച് പരാതി ശ്രദ്ധയിൽപ്പെട്ടാൽ നടപടി സ്വീകരിക്കുന്നതാണ്.

(സി) 3,41,13,401-രൂപയാണ് 2014 ആഗസ്റ്റ് 31 വരെ നൽകാൻ ബാക്കിയുള്ളത്. നടപ്പു സാമ്പത്തിക വർഷം സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി നടപ്പാക്കുന്നതിന് 7 കോടി രൂപയാണ് അനുവദിച്ചത്. ആയത് മെഡിക്കൽ കോളേജുകൾക്കും എല്ലാ പട്ടികവർഗ്ഗ വികസന ആഫീസർമാർക്കും ജില്ലാ മെഡിക്കൽ ആഫീസർമാർക്കുമാണ് നൽകിയിട്ടുള്ളത്. കൂടുതൽ തുക ടി ശീർഷകത്തിൽ ലഭ്യമാകുന്ന മുറയ്ക്ക് പരിയാരം മെഡിക്കൽ കോളേജിന് അധികമായി തുക അനുവദിക്കുന്നതാണ്.

ആദിവാസി കുട്ടികളുടെ ദുരിതങ്ങൾ

339 (679) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കായികബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആദിവാസി സമൂഹത്തിലെ കുട്ടികൾ പോഷകാഹാരക്കുറവും പട്ടിണിയുംമൂലം ദുരിതമനുഭവിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ ;

(സി) അട്ടപ്പാടി മേഖലയിൽ ഈ വർഷം 15 വയസ്സിൽ താഴെയുള്ള എത്ര കുട്ടികളാണ് മരണപ്പെട്ടിട്ടുള്ളത് ; ഇത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ ;

(ഡി) ഇതിൽ എത്രപേർ പോഷകാഹാരക്കുറവുകൊണ്ടും വൈദ്യ സഹായം ലഭ്യമാകാത്തത് കൊണ്ടും മരണപ്പെട്ടിട്ടുണ്ട്?